## ക്ലാസ് - 10

# കേരളപാഠാവലി



പൊതുവിദ്യാഭ്യാസ വകുപ്പ്

# കേരളപാഠാവലി

## യൂണിറ്റ് – ഒന്ന് – കാലാതീതം കാവ്യവിസ്മയം

പാഠം – 1 – ലക്ഷ്മണസാന്ത്വനം

പാഠം – 2 – ഋതുയോഗം

പാഠം – 3 – പാവങ്ങൾ

## യൂണിറ്റ് രണ്ട് – അനുഭൂതികൾ ആവിഷ്കാരങ്ങൾ

പാഠം – 1 – വിശ്വരൂപം

പാഠം – 2 – പ്രിയദർശനം

പാഠം – 3 – കടൽത്തീരത്ത്

# കേരളപാഠാവലി

## യൂണിറ്റ് – ഒന്ന് – കാലാതീതം കാവ്യവിസ്മയം

# ലക്ഷ്മണസാന്ത്വനം

*തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ*



ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അധ്യാത്മ രാമായണം കിളിപ്പാട്ടിലെ അയോധ്യാകാണ്ഡത്തിൽ നിന്നെടുത്തതാണ് 'ലക്ഷ്മണ സാന്ത്വനം' എന്ന പാഠഭാഗം.

ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് അതീവ കോപത്തോടെ നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നു.



**പ്രധാനാശയങ്ങൾ**

- ഭോഗങ്ങളെല്ലാം ക്ഷണപ്രഭപോലെ ചഞ്ചലമാണ്.
- ആയുസിനുപോലും ഒരുറപ്പും പറയാൻ കഴിയില്ല.
- ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ വെള്ളത്തുള്ളിപോലെ ക്ഷണഭംഗുരമാണ് മനുഷ്യ ജീവിതം.
- പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിനുവേണ്ടി അപേക്ഷിക്കുന്നതുപോലെ കാലമാകുന്ന പാമ്പിനാൽ വിഴുങ്ങപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യൻ സുഖഭോഗങ്ങൾക്കായി അലയുന്നു.
- ക്ഷീണിതരായ വഴിയാത്രക്കാർ പെരുവഴിയമ്പലത്തിൽ ഒത്തുചേർന്ന് പിരിഞ്ഞുപോകുമ്പോലെയും നദിയിലൂടെ ഒഴുകുന്ന തടിക്കഷണങ്ങൾ പോലെയും തികച്ചും അസ്ഥിരമാണ് ജീവിതം.
- ജീവിതം സ്വപ്നതുല്യമാണ്.
- ലോകത്തിലെ സുഖങ്ങളോട് നമുക്ക് ആസക്തി തോന്നുന്നത് അറിവില്ലായ്മ കൊണ്ടാണ്.
- ക്രോധം ഏറ്റവും അപകടകാരിയായ വികാരമാണ്.
- ക്രോധം മൂലം മുക്തി, ബന്ധങ്ങൾ, ധർമ്മം തുടങ്ങിയവയ്ക്കെല്ലാം നാശമുണ്ടാകും. അതിനാൽ ബുദ്ധിയുള്ളവർ ക്രോധം ഉപേക്ഷിക്കണം.
- വികാരങ്ങളെ നിയന്ത്രിക്കണമെങ്കിൽ ഏകാഗ്രതയോടെ വിദ്യാഭ്യാസം ചെയ്യണം.

**വിശകലനചോദ്യങ്ങൾ**



1. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസുമോർക്ക നീ" -
വരികളിൽ **മിന്നൽ** എന്നർത്ഥം വരുന്ന പദമേത്?

- ഭോഗങ്ങൾ
- ക്ഷണപ്രഭ
- ചഞ്ചലം
- ആയുസ്

**ഉത്തരം : ക്ഷണപ്രഭ** **(1)**

2. "വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം" - ഈ വരികളുടെ അർത്ഥം?

- സുഖങ്ങളെല്ലാം മിന്നൽ പോലെ നൈമിഷികമാണ്.
- മനുഷ്യൻ കാലമാകുന്ന പാമ്പിനാൽ വിഴുങ്ങപ്പെട്ടുകൊണ്ടിരിക്കുന്നു.
- ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ വെള്ളത്തുള്ളിപോലെ ക്ഷണികമാണ് മനുഷ്യജീവിതം
- മനുഷ്യൻ സുഖഭോഗങ്ങൾക്കുപിന്നാലെ പായുന്നു.

**ഉത്തരം : ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ വെള്ളത്തുള്ളിപോലെ ക്ഷണികമാണ് മനുഷ്യജീവിതം** (1)

3. പെരുവഴിയമ്പലത്തിലെത്തിച്ചേർന്ന് പിരിഞ്ഞുപോകുന്ന വഴിയാത്രക്കാരെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത്?

- ആലയസംഗമത്തെ
- ആയുസിനെ
- സുഖഭോഗങ്ങളെ
- രാജ്യദേഹാദികളെ

**ഉത്തരം : ആലയസംഗമത്തെ.**

4. ലക്ഷ്മണൻ ലോകം ദഹിപ്പിക്കാനിറങ്ങിപ്പുറപ്പെട്ടതിന്റെ കാരണമായി ശ്രീരാമൻ പറയുന്നത്?

- അസാധ്യമായ കർമ്മമല്ലാത്തതുകൊണ്ട്
- ജ്ഞാനമില്ലാത്തതുകൊണ്ട്
- മനസ്താപമില്ലാത്തതുകൊണ്ട്
- മഹാമോഹം നന്നല്ലാത്തതുകൊണ്ട്.

**ഉത്തരം : ജ്ഞാനമില്ലാത്തതുകൊണ്ട്**

5. മാതാപിതൃഭ്രാതൃമിത്രസഖികൾ - എന്നത് മാതാവ്, പിതാവ്, ഭ്രാതാവ്, മിത്രം, സഖി എന്ന് വെവ്വേറെ പദങ്ങളാക്കാമല്ലോ. അതുപോലെ

- പുത്രമിത്രാർഥ കളത്രം
- കാമക്രോധലോഭമോഹം
- രാജ്യദേഹം
- ധാന്യധനം - ഇവ വെവ്വേറെ പദങ്ങളാക്കി നോക്കൂ...

> - **പുത്രൻ, മിത്രം, അർഥം, കളത്രം**
> - **കാമം, ക്രോധം, ലോഭം, മോഹം**
> - **രാജ്യം, ദേഹം**
> - **ധാന്യം, ധനം**

6. കൂടുതൽ അർത്ഥവ്യക്തതയ്ക്കുവേണ്ടി ഒറ്റപ്പദങ്ങളെ നാം മാറ്റിയെഴുതാറുണ്ട്.
'കാലാഹി' എന്ന പദം നോക്കൂ... കാലമാകുന്ന അഹി എന്നെഴുതാം.

സ്വപ്നസമാനം, മാനസതാർ. ധർമ്മക്ഷയകരം, ഏകാന്തചേതസാ, വാത്സല്യപൂരം ഇവയൊക്കെ അത്തരത്തിൽ എഴുതി നോക്കിയാലോ?

> സ്വപ്നത്തിന് സമാനമായത്, മനസാകുന്ന താര്, ധർമ്മത്തിന് ക്ഷയകരമായത്, ഏകാന്തമായ ചേതസ്, വാത്സല്യത്തിന്റെ പൂരം.

7. കോപാകുലനായി നിൽക്കുന്ന ലക്ഷ്മണനെ സമചിത്തനാക്കാൻ വേണ്ടി ശ്രീരാമൻ പറയുന്നതോരോന്നും എഴുത്തച്ഛൻ കവി സമൂഹത്തിനു നൽകുന്ന ഉപദേശമാണെന്ന് നിങ്ങൾക്ക് മനസിലായിക്കാണും.

വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം മത്സരാദ്യം
വെടിഞ്ഞെന്നുടെ വാക്കുകൾ -

ഒരു മന:ശാസ്ത്രജ്ഞനെപ്പോലെയാണ് ശ്രീരാൻ ലക്ഷ്മണനെ സമീപിക്കുന്നത്. ഇവിടെ കുമാരാ എന്ന പ്രയോഗം നൽകുന്ന രണ്ട് അർഥ സൂചനകൾ കണ്ടെത്തിയാലോ...

- കൗമാരപ്രായത്തിന്റെ എടുത്തുചാട്ടം
- അറിവിന്റെയും അനുഭവത്തിന്റെയും കുറവ്

8. • "സംസാരനാശിനിയായതു വിദ്യയും"
• അയാളുടെ സംസാരം ഉച്ചത്തിലായിരുന്നു.

അടിവരയിട്ട പദങ്ങളുടെ സാന്ദർഭികാർത്ഥം കണ്ടെത്താമോ?

സംസാരം - ലൗകിക ജീവിതം
- സംഭാഷണം / പറച്ചിൽ

9. 'എത്രയും ചഞ്ചലമാലയ സംഗമം' - ആലയസംഗമം ചഞ്ചലമാണെന്ന് മനസ്സിലാക്കിത്തരാൻ രണ്ട് ഉദാഹരണങ്ങൾ കവിതയിൽ വിശദീകരിക്കുന്നുണ്ട്. ഏതൊക്കെ?

- പെരുവഴിയമ്പലത്തിൽ ഒത്തുകൂടി പിരിഞ്ഞുപോകുന്ന വഴിയാത്രക്കാർ
- നദീവേഗത്തിനനുസരിച്ച് ഒഴുകുന്ന തടിക്കഷണങ്ങൾ

10. 'നന്നല്ല' - നന്ന് + അല്ല എന്ന് എഴുതാമല്ലോ...

എങ്കിൽ

• വെണ്ണീർ • ദേഹാഭിമാനം • ഭോഗങ്ങളെല്ലാം • പെരുവഴിയമ്പലം

എന്നീ പദങ്ങൾ ഇതുപോലെ എഴുതിനോക്കൂ ...

| | |
|---|---|
| വെൺ + നീർ | ദേഹ + അഭിമാനം. |
| ഭോഗങ്ങൾ + എല്ലാം | പെരുവഴി + അമ്പലം |

11. “ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം -

ആഴത്തിലുള്ള ആശയങ്ങളെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുക എന്നത് എഴുത്തച്ഛന്റെ ഒരു കാവ്യരീതിയാണ് - വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**വിശകലനക്കുറിപ്പ്**

സന്ദർഭം കണ്ടെത്തൽ (1)

ഖണ്ഡികകളാക്കി ആശയം അവതരിപ്പിച്ചിട്ടുണ്ട്. (1)

സ്വന്തം കാഴ്ചപ്പാട്, (പ്രസ്താവന ഉൾക്കൊണ്ടുകൊണ്ട്) (1)

ഉചിതമായ ഭാഷ (1)

**സൂചനകൾ**

- സുഖഭോഗങ്ങൾ നൈമിഷികം
- ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ ജലം പോലെ അത് ക്ഷണഭംഗുരമാണ്.

വിശകലനക്കുറിപ്പ് സൂചകങ്ങളും ഉത്തര സൂചനകളും നൽകിയിട്ടുണ്ട്. ഒരു വിദ്യാർഥി തയ്യാറാക്കിയ വിശകലനക്കുറിപ്പ് പരിശോധിക്കൂ.

**ഉൾവെളിച്ചം പകരുന്ന ഉദാഹരണങ്ങൾ**

ആധുനിക മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലുള്ളതാണ് ലക്ഷ്മണസാന്ത്വനം എന്ന ഭാഗം. പട്ടാഭിഷേകം മുടങ്ങിയതിൽ കുപിതനായ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതാണ് സന്ദർഭം. ഭോഗങ്ങളെല്ലാം മിന്നൽപോലെ ക്ഷണികമാണെന്നും ആയുസ്സുപോലും വേഗം നഷ്ടപ്പെട്ടുപോകുമെന്നും ശ്രീരാമൻ പറയുന്നു. ചുട്ടുപഴുത്ത ഒരു ലോഹത്തകിടിൽ വീണ ജലം പോലെ മനുഷ്യജന്മം പെട്ടെന്നില്ലാതാകും. ഭോഗങ്ങളും ആയുസ്സുമൊക്കെയും ക്ഷണികമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നതിനുവേണ്ടി മിന്നൽ, ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ ജലം എന്നിങ്ങനെയുള്ള ഉദാഹരണങ്ങൾ നിരത്തുന്നു. വായനക്കാരന് അത് ഏറ്റവും ലളിതമായി മനസ്സിലാവുകയും ചെയ്യുന്നു.

ഈ വിലയിരുത്തൽക്കുറിപ്പ് മുകളിൽ നൽകിയിരിക്കുന്ന സൂചകങ്ങളും സൂചനകളുമായി ഒത്തുനോക്കി മെച്ചപ്പെടുത്തി എഴുതുക.

12. “സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും” - എന്തായിരിക്കണം വിദ്യാഭ്യാസം എന്ന കവിയുടെ വീക്ഷണം ഈ വരികളിൽ പ്രകടമാണ്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും മാർഗവും എഴുത്തച്ഛന്റെ വീക്ഷണവുമായി പൊരുത്തപ്പെടുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

**പ്രതികരണക്കുറിപ്പ്**

സന്ദർഭം കണ്ടെത്തിയിട്ടുണ്ട്. (1)

ആശയവും പ്രതികരണവും അവതരിപ്പിച്ചിട്ടുണ്ട്. (2)

ഉചിതമായ ഭാഷ, ഖണ്ഡിക തിരിച്ചുള്ള അവതരണം (1)

**സൂചനകൾ**

- ലൗകികസുഖങ്ങളോടുള്ള അത്യാർത്തി അജ്ഞത മൂലമാണ്.
- ആത്മനിയന്ത്രണമാണ് (വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ്) യഥാർഥ വിദ്യയിലൂടെ ലഭിക്കേണ്ടത്.
- ജോലി സമ്പാദിച്ച് പണം നേടാനാണ് ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസം ചെയ്യുന്നത്.
- ത്യാഗവും സേവനവും തിരിച്ചറിയലാണ് യഥാർത്ഥ വിദ്യാഭ്യാസം

13. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു -
മെത്രയും ചഞ്ചലമാലയ സംഗമം" -

പറയേണ്ടുന്ന കാര്യങ്ങളെ ലളിതവും ചിന്താമധുരവുമായ സാദൃശ്യ കൽപ്പനകളിലൂടെ എത്ര ഭംഗിയായാണ് കവി അവതരിപ്പിച്ചിരിക്കുന്നത്? വരികളുടെ ചമത്കാരഭംഗി വിലയിരുത്തി കുറിപ്പു തയാറാക്കുക.

**ചമത്കാരഭംഗി**

സന്ദർഭം കണ്ടെത്തിയിട്ടുണ്ട്. (1)

ആശയഗ്രഹണം (1)

പ്രയോഗം എത്രത്തോളം ഉചിതമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

ഖണ്ഡികാകരണം, ഉചിതമായ ഭാഷ (1)

**സൂചനകൾ**

ആലയസംഗമം ചഞ്ചലമാണ്.

ക്ഷീണിച്ച വഴിയാത്രക്കാർ പെരുവഴിയമ്പലങ്ങളിൽ ഒത്തുകൂടി പിരിയുന്നു.

വിറകിൻ കഷണങ്ങൾ നദിയുടെ ഗതിക്കനുസരിച്ച് സഞ്ചരിക്കുന്നു.

വികാരമല്ല വിചാരമാണ് വിജയത്തിനാധാരമെന്ന് എത്ര ചാതുര്യത്തോടെയാണ് എഴുത്തച്ഛൻ നമ്മെ പഠിപ്പിക്കുന്നത്

14. "ക്രോധമല്ലോ നിജ ധർമ്മ ക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം" -

അറിവുള്ളവർ ക്രോധമുപേക്ഷിക്കണമെന്ന് എഴുത്തച്ഛൻ പറയുന്നതെന്തുകൊണ്ട്? പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക.

ഉപന്യാസഘടന (1)

ആശയസമഗ്രത (2)

ആനുകാലിക പ്രസക്തി (1)

സ്വന്തം കാഴ്ചപ്പാട് (1)

ഉചിതമായ ഭാഷ (1)

പാഠഭാഗത്തിന്റെ ആശയം ഉചിതവും സംക്ഷിപ്തവുമായി ചിട്ടപ്പെടുത്തി ഉൾക്കൊള്ളിക്കണം.

# ഋതുയോഗം

*കാളിദാസൻ*

*വിവർത്തനം : എ.ആർ. രാജരാജവർമ്മ*

വിശ്വമഹാകവി കാളിദാസന്റെ പ്രശസ്തനാടകമാണ് അഭിജ്ഞാനശാകുന്തളം. എ.ആർ. രാജരാജവർമ്മ മലയാളശാകുന്തളം എന്നപേരിൽ മൊഴിമാറ്റം നടത്തിയ ഈ കൃതിയിലെ ഏഴാമങ്കത്തിലേതാണ് ഋതുയോഗം എന്ന പാഠഭാഗം.

ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങുംവഴി കശ്യപാശ്രമത്തിൽ വച്ച് ദുഷ്ഷന്തൻ സർവദമനനെയും ശകുന്തളയെയും കണ്ടുമുട്ടുന്നു. മാരീചൻ, അദിതി, മാതലി തുടങ്ങിയവരും നാടകത്തിൽ പ്രത്യക്ഷപ്പെടുന്നു.



**പ്രധാന ആശയങ്ങൾ**

- മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ച നാടകമാണ് അഭിജ്ഞാനശാകുന്തളം.
- ഹസ്തിനപുരിയിലെ രാജാവായ ദുഷ്ഷന്തൻ നായാട്ടിനിടെ കണ്വാശ്രമത്തിലെത്തുകയും അവിടെ വച്ച് ശകുന്തളയെ കണ്ടുമുട്ടുകയും വിവാഹം കഴിക്കുകയും ചെയ്യുന്നു.
- കൊട്ടാരത്തിലേയ്ക്കു മടങ്ങിപ്പോയ ദുഷ്ഷന്തൻ മുനിശാപത്താൽ ശകുന്തളയെ മറന്നുപോകുന്നു.
- രാജാവിനാൽ ഉപേക്ഷിക്കപ്പെട്ടവളും ഗർഭിണിയുമായിരുന്ന ശകുന്തള കശ്യപാശ്രമത്തിൽ സർവദമനനെ പ്രസവിക്കുന്നു.
- വർഷങ്ങൾക്കുശേഷം ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങുംവഴി കശ്യപാശ്രമത്തിലെത്തുന്ന ദുഷ്ഷന്തൻ സർവദമനനെ കണ്ടുമുട്ടുന്നു.
- സർവദമനനോട് രാജാവിനു തോന്നുന്ന അതീവവാത്സല്യവും സ്നേഹസംഭാഷണങ്ങളും ശകുന്തളാ സമാഗമത്തിനുകാരണമാകുന്നു.
- ഒരിക്കൽ ദുർവ്വിധി മൂലം പിരിഞ്ഞുപോയവർ വിധിവശാൽത്തന്നെ ഒന്നിച്ചുചേരുന്നു.



**വിശകലന ചോദ്യങ്ങൾ**

1. 'സർവദമനൻ' എന്ന് മഹർഷിമാർ നിനക്കു പേരിട്ടത് ശരിതന്നെ - സിംഹക്കുട്ടിയോട് കളിച്ചുകൊണ്ടിരുന്ന ബാലനോട് താപസി പറഞ്ഞതാണിത്. സർവദമനൻ എന്ന പദത്തിന്റെ ശരിയായ അർത്ഥം താഴെ പറയുന്നതിൽ ഏതാണ്?

   - സർവത്തിന്റെ ദമനൻ
   - സർവതിനെയും ദമനം ചെയ്യുന്നവൻ
   - സർവതും ദമനവും

   **ദമനം ചെയ്യുക - അടക്കുക/ അമർത്തുക**

   **ഉത്തരം : സർവതിനെയും ദമനം ചെയ്യുന്നവൻ**

2. "എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടിയായി" എന്ന് രാജാവ് ചിന്തിച്ചതെപ്പോൾ?

- ആശ്രമ ബാലൻ മുനികുമാരനല്ല എന്നറിഞ്ഞപ്പോൾ
- ബാലൻ രാജാവിന് വഴിപ്പെട്ടപ്പോൾ
- അപ്സര സംബന്ധത്താൽ ബാലന്റെ മാതാവ് കശ്യപാശ്രമത്തിൽ അവനെ പ്രസവിച്ചതാണെന്നറിഞ്ഞപ്പോൾ

| |
|---|
| ശകുന്തളയെ കണ്ടെത്തണമെന്നതാണ് രാജാവിന്റെ ആശ |
| അപ്സരസായ മേനകയുടെ മകളാണ് ശുകന്തള |

**ഉത്തരം : അപ്സര സംബന്ധത്താൽ ബാലന്റെ മാതാവ് കശ്യപാശ്രമത്തിൽ അവനെ പ്രസവിച്ചതാണെന്നറിഞ്ഞപ്പോൾ**

3. സിംഹക്കുട്ടിയുമായുള്ള കളിയിൽ നിന്ന് ശ്രദ്ധമാറ്റാൻ മൺമയിലിനെ നീട്ടുന്ന താപസി പറഞ്ഞത് "സർവദമനാ ഇതാ ശകുന്തലാസ്യം നോക്കൂ" എന്നാണ്. "അമ്മ ഇവിടെ ഇല്ലല്ലോ" എന്ന് കുട്ടി മറുപടിയും പറഞ്ഞു. ശകുന്തത്തിന്റെ ലാസ്യം നോക്കൂ (ശകുന്തം-പക്ഷി, ലാസ്യം-ആട്ടം) എന്നാണ് താപസി ഉദ്ദേശിച്ചത്. എന്നാൽ ശകുന്തളാസ്യം എന്നാണ് കുട്ടി മനസ്സിലാക്കിയത്. 'ശകുന്തളാസ്യം' എന്ന പദം കൊണ്ട് കുട്ടി അർത്ഥമാക്കിയതെന്തായിരിക്കും?

- ശകുന്തത്തിന്റെ ആസ്യം
- ശകുന്തളയുടെ ആസ്യം
- ശകുന്തളയും ആസ്യവും

| |
|---|
| ആസ്യം-മുഖം |

**ഉത്തരം : ശകുന്തളയുടെ ആസ്യം**

4. "ഹൃദയമേ ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു." –
ശകുന്തള ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

- സർവദമനൻ സിംഹത്തിന്റെയരികിൽ നിന്ന് തിരികെ വന്നതുകൊണ്ട്
- വ്രതനിഷ്ഠകളിൽ വിശ്വാസമുണ്ടായിരുന്നതുകൊണ്ട്
- ദുഷ്ഷന്തൻ പശ്ചാത്താപത്തോടെ ഒത്തുചേരലിനായി പ്രാർത്ഥിച്ചതുകൊണ്ട്

| |
|---|
| ദുഷ്ഷന്തൻ തന്നെ തിരിച്ചറിഞ്ഞ് കൂട്ടിക്കൊണ്ടുപോകണമെന്ന പ്രാർത്ഥനയിലായിരുന്നു ശകുന്തള. |

**ഉത്തരം : ദുഷ്ഷന്തൻ പശ്ചാത്താപത്തോടെ ഒത്തുചേരലിനായി പ്രാർത്ഥിച്ചതുകൊണ്ട്**

5. "എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ" – ഇവിടെ വസന്തചിഹ്നമായ പുഷ്പം എന്ന് ഉദ്ദേശിക്കുന്നത് എന്തിനെയാണ്?

- മുദ്രമോതിരം
- അപരാജിത രക്ഷ
- കിരീടം

| |
|---|
| മുദ്രമോതിരം നഷ്ടപ്പെട്ടതുകൊണ്ടാണ് ശകുന്തളാദുഷ്ഷന്തൻമാരുടെ ജീവിതത്തിൽ വസന്തം ഇല്ലാതായത്. |

**ഉത്തരം : മുദ്രമോതിരം**

6. സർവ്വദമനൻ തന്റെ മകൻ തന്നെയാണ് എന്ന് ദുഷ്ഷന്തൻ പൂർണമായി വിശ്വസിക്കാനിടയായ സാഹചര്യങ്ങൾ എന്തെല്ലാം?

**സൂചന**
സർവദമനന്റെ അമ്മയുടെ പേര്
അപരാജിത എന്ന രക്ഷ

7. "ഭൃശമെഴുമുഷസിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർ മലരുപോൽ" - ഉഷസിൽ പകുതി വിരിഞ്ഞ താമരമൊട്ടിനോട് സാദൃശ്യപ്പെടുത്താവുന്ന എന്തൊക്കെ ഗുണങ്ങളാണ് സർവദമനന്റെ വിരലുകൾക്കുള്ളത്? (രണ്ടെണ്ണം)

താമരപ്പൂവിന്റെ
നിറം, ആകൃതി,
വിരലുകളുടെ
യോജിപ്പ്

8. "രാഹുവിനെ വിട്ടുചന്ദ്രൻ
രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ"

- ഇവിടെ രാഹു എന്നുദ്ദേശിക്കുന്നത് കഷ്ടകാലത്തെയാണ്. ചന്ദ്രൻ, രോഹിണി എന്നീ പദങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ആരെയൊക്കെയാണ്?

9. "ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു." - തന്റെ പ്രതീക്ഷ ദു:ഖത്തലവസാനിക്കരുതെന്ന് രാജാവ് ആഗ്രഹിക്കുന്നു. അതിന് 'കാനൽജലംപോലെ' എന്ന പ്രയോഗം എത്രമാത്രം ഉചിതമാണ്. വിലയിരുത്തി കുറിപ്പ്തയ്യാറാക്കുക.

**വിലയിരുത്തൽക്കുറിപ്പ്**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട് (1)
- ആശയം ഗ്രഹിച്ചിട്ടുണ്ട്. (1)
- പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തിയിട്ടുണ്ട് (1)
- ഉചിതമായ ഭാഷ ഖണ്ഡികാകരണം (1)

**സൂചന**
ശകുന്തളാസമാഗമമാണ്
രാജാവിന്റെ ആഗ്രഹം
കൊടും വെയിലിൽ അകലെ ജലം
കാണപ്പെടുന്നുവെന്ന തോന്നലാണ്
കാനൽ ജലം.
രാജാവ് പ്രതീക്ഷ കൈവിടുന്നില്ല.

10. "കല്യാണം കൈവരുമ്പോൾ കലുഷമതികളി
മ്മട്ടിലും ചേഷ്ട കാട്ടും
മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ
പാമ്പിതെന്നോതിയന്ധൻ" - ജീവിതത്തിൽ വന്നുഭവിച്ച അപചയങ്ങളെല്ലാം സമയദോഷം കൊണ്ടോ വിധിവശാലോ സംഭവിച്ചതാണ് എന്ന് ദുഷ്ഷന്തൻ പറയുന്നു. വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**വിശകലനക്കുറിപ്പ്**

| | |
|---|---|
| സന്ദർഭം കണ്ടെത്തിയിട്ടുണ്ട്. | (1) |
| ഖണ്ഡികകളാക്കിയുള്ള ആശയം അവതരിപ്പിച്ചിട്ടുണ്ട് | (2) |
| സ്വന്തം കാഴ്ചപ്പാട്, ഉചിതമായ ഭാഷ | (1) |

11. 'ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും?" - ശകുന്തളയുടെ ഭർത്താവിന്റെ പേരന്വേഷിച്ച ദുഷ്ഷന്തനു ലഭിച്ച മറുപടിയാണിത്. സ്ത്രീയോട് അവഗണന കാട്ടുന്ന പുരുഷൻ നിന്ദ്യനും അനാദരണീയനുമാണ്. പ്രസ്താവന പരിശോധിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക.

**പ്രതികരണക്കുറിപ്പ്**

| | |
|---|---|
| സന്ദർഭം കണ്ടെത്തൽ | (1) |
| ആശയവും പ്രതികരണവും അവതരിപ്പിച്ചിട്ടുണ്ട് | (2) |
| ഖണ്ഡികാകരണം, ഉചിതമായ ഭാഷ | (1) |

**സൂചന**

ധർമപത്നിയെ ഉപേക്ഷിക്കുകയെന്നത് യോഗ്യനായ പുരുഷന് യോജിച്ചതല്ല
മുനിശാപം കൊണ്ടാണ് രാജാവ് ശകുന്തളയെ മറന്നുപോകുന്നത്.

ഈ ചോദ്യത്തിന് ഒരു വിദ്യാർഥി തയാറാക്കിയ ഉത്തരം നോക്കൂ ...

വിശ്വമഹാകവി കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം നാടകത്തിലെ ഏഴാമങ്കം ശകുന്തളാദുഷ്ഷന്തന്മാരുടെ സമാഗമത്തിന്റേതാണ്. ദേവാസുരയുദ്ധം കഴിഞ്ഞ് കശ്യപാശ്രമത്തിൽ എത്തുന്ന രാജാവ് സർവദമനനെ കണ്ടുമുട്ടുന്നു.

സർവദമനന്റെ വാക്കുകളിലും പ്രവൃത്തികളിലും കൗതുകവും സംശയവും ഉണ്ടാകുന്ന രാജാവ് അവനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുന്നു. ബാലന്റെ അമ്മയുടെ ഭർത്താവിന്റെ പേരന്വേഷിക്കുമ്പോഴാണ് താപസി ഇത്തരത്തിൽ പ്രതികരിക്കുന്നത്. സ്ത്രീയോട് അവഗണന കാട്ടുന്ന പുരുഷൻ നിന്ദ്യനാണ് ശരിതന്നെ. പക്ഷേ അതിന് വ്യക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ അയാൾ അനാദരണീയനാകില്ല. ശാകുന്തളത്തിൽ മുനിശാപത്താലാണ് രാജാവ് ശകുന്തളയെ മറന്നുപോകുന്നത്. ആയതിനാൽ ദുഷ്ഷന്തൻ ഒരിക്കലും അയോഗ്യനാകുന്നില്ല.

സൂചനകളും വിലയിരുത്തൽ സൂചകങ്ങളും പരിഗണിച്ച് ഈ ഉത്തരത്തെ കൂടുതൽ മെച്ചപ്പെടുത്തൂ...

12. "എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ." - പാഠഭാഗത്തിന് ഋതുയോഗം എന്ന ശീർഷകം എത്രമാത്രം ഉചിതമാണ്? കുറിപ്പ് തയാറാക്കുക.

**വിലയിരുത്തൽക്കുറിപ്പ്**

| | |
|---|---|
| സന്ദർഭം കണ്ടെത്തിയിട്ടുണ്ട് | (1) |
| ശീർഷകത്തിന്റെ അർത്ഥം ഗ്രഹിച്ചിട്ടുണ്ട്. | (1) |
| എത്രമാത്രം ഉചിതമായാണ് ശീർഷകത്തിന്റെ തെരഞ്ഞെടുപ്പ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. | (1) |
| ഖണ്ഡികാകരണം ഉചിതമായ ഭാഷ | (1) |

**സൂചനകൾ**

ഋതുക്കളുടെ രാജാവ് വസന്തമാണ്.
ഒരു ഋതു അവസാനിക്കുമ്പോൾ മറ്റൊരു ഋതു വന്നുചേരുന്നു.

13. “ഈ ദുസ്സാമർഥ്യക്കാരൻ കുട്ടിയോട് എനിക്ക് എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു.”

“എന്ത് എന്റെ വംശം തന്നെയോ”

“ഇവന്റെ മാതാവിന്റെ പേർ ശകുന്തള എന്നാണോ?”

“ഹൃദയമേ ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ മേൽ കരുണ ചെയ്തു എന്നു തോന്നുന്നു.”

“വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ.”

ശുഭകരമായ അന്ത്യത്തിലേയ്ക്ക് കഥയെ നയിച്ച് അത്യന്തം നാടകീയമായി രചന നിർവഹിച്ച കൃതിയാണ്. ‘അഭിജ്ഞാനശാകുന്തളം’ എന്ന് ഏഴാമങ്കവും ശരിവയ്ക്കുന്നു.’ ‘ഋതുയോഗത്തിലെ നാടകീയ മുഹൂർത്തങ്ങൾ’ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക.

| വിലയിരുത്തൽക്കുറിപ്പ് | |
|---|---|
| ഉപന്യാസഘടന | (1) |
| ആശയസമഗ്രത | (2) |
| നാടകീയത | (1) |
| സ്വന്തം കാഴ്ച | (1) |
| ഉചിതമായ ഭാഷ | (1) |

| സൂചനകൾ |
|---|
| അപ്രതീക്ഷിത സംഭവങ്ങൾ |
| വിചാരിച്ചിരിക്കാത്ത കഥാന്ത്യം |
| വൈകാരിക മുഹൂർത്തങ്ങൾ |

# പാവങ്ങൾ

ഫ്രഞ്ച് സാഹിത്യകാരനായ വിക്ടർ ഹ്യൂഗോയുടെ 'ലാ മിറാബലെ' എന്ന നോവലിന്റെ മലയാളവിവർത്തനത്തിൽ നിന്നുള്ള ഒരു ഭാഗമാണ് 'പാവങ്ങൾ' എന്ന പാഠം. നാലപ്പാട്ട് നാരായണമേനോനാണ് 'പാവങ്ങൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.



**പ്രധാന ആശയങ്ങൾ**

- മെത്രാൻ, ഴാങ് വാൽഴാങ്, മദാം മഗ്ല്വാർ, പോലീസുകാർ എന്നിവർ പ്രധാന കഥാപാത്രങ്ങൾ.
- വിധവയായ സഹോദരിയുടെയും ഏഴ് കുട്ടികളുടെയും സംരക്ഷണം ഇരുപത്തിയഞ്ചാം വയസ്സിൽ ഴാങ് വാൽ ഴാങ് ഏറ്റെടുക്കുന്നു.
- സഹോദരിക്കും വിശന്നു കരയുന്ന അവരുടെ മക്കൾക്കും വേണ്ടി ബേക്കറിയിൽ നിന്ന് റൊട്ടി മോഷ്ടിച്ച കുറ്റത്തിന് ഴാങ് വാൽ ഴാങ് ജയിൽ ശിക്ഷയ്ക്ക് വിധേയനാകുന്നു.
- സഹോദരിയെയും മക്കളെയും കാണാനായി മൂന്നു തവണജയിൽ ചാടിയതിനെത്തുടർന്ന് ജയിൽ ശിക്ഷ 19 വർഷത്തേക്ക് നീളുന്നു.
- ശിക്ഷ പൂർത്തിയാക്കിയ ഴാങ് വാൽ ഴാങിന് ഒരിടത്തും അഭയം ലഭിക്കുന്നില്ല.
- പട്ടിക്കൂട്ടിൽ നിന്നു പോലും ആട്ടിയകറ്റപ്പെട്ട അയാൾ ഒടുവിൽ ഡി പട്ടണത്തിലെ മെത്രാന്റെ അരമനയിൽ എത്തുന്നു.
- മെത്രാൻ സ്നേഹപൂർവം അയാൾക്ക് ഭക്ഷണവും കിടക്കാൻ മെത്തയും നൽകുന്നു.
- രാത്രിയിൽ ഉണർന്നു ഴാങ് വാൽ ഴാങിൽ ദുഷിച്ച ചിന്തകൾ ഉണ്ടാകുകയും വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ച് ഇരുട്ടിലേക്ക് ഓടി മറയുകയും ചെയ്യുന്നു.
- പിറ്റേന്ന് രാവിലെ മദാം മഗ്ല്വാർ മോഷണം മെത്രാന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ 'ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അത് പാവങ്ങളുടേതാണ്' എന്നായിരുന്നു മെത്രാന്റെ മറുപടി.
- പ്രഭാതത്തിൽ വെള്ളിപ്പാത്രങ്ങളോടൊപ്പം പോലീസുകാർ ഴാങ് വാൽ ഴാങിനെ മെത്രാനു മുന്നിൽ ഹാജരാക്കുന്നു.
- പാത്രങ്ങൾ താൻ സമ്മാനിച്ചതാണെന്നായിരുന്നു പോലീസുകാരോടുള്ള മെത്രാന്റെ മറുപടി.
- മെഴുകുതിരിക്കാലുകൾ കൊണ്ടുപോകാത്തതെന്താണെന്നു ചോദിച്ച് അകത്തേക്കു പോയ മെത്രാൻ, ഴാങ് വാൽ ഴാങിന് വെള്ളിയിൽ തീർത്ത രണ്ടു മെഴുകുതിരക്കാലുകൾ കൂടി നൽകുന്നു.
- തിന്മയ്ക്ക് നിങ്ങളുടെ മേൽ ഇനി അവകാശമില്ലെന്നു പറഞ്ഞ് മെത്രാൻ ഴാങ് വാൽ ഴാങിനെ യാത്രയാക്കുന്നു.
- മെത്രാന്റെ ഈ പ്രവൃത്തി മനുഷ്യസ്നേഹത്തിന്റെ ഉത്തമ ഉദാഹരണവും മാനവരാശിയോടുള്ള വലിയൊരു ഓർമപ്പെടുത്തലുമാണ്.
- കുറ്റവാളിയായിരുന്നിട്ടും തന്നെ സംരക്ഷിക്കുന്ന മെത്രാന്റെ പ്രവൃത്തി ഴാങ് വാൽ ഴാങിൽ വീണ്ടുവിചാരമുണ്ടാക്കുന്നു.
- കുറ്റത്തിന് സ്നേഹപൂർണമായ പെരുമാറ്റവും ഉപദേശവുമെല്ലാം ശിക്ഷയായിത്തീരാമെന്ന് മെത്രാന്റെ പ്രവൃത്തി വ്യക്തമാക്കുന്നു.

**വിശകലനചോദ്യങ്ങൾ**

1. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല.' ഇങ്ങനെ പറയുന്നതിലൂടെ മെത്രാൻ സമൂഹത്തിന് നൽകുന്ന സന്ദേശം എന്ത്?

   **ലളിതജീവിതം**

2. ഴാങ് വാൽ ഴാങ് ഉപ്പുകൊണ്ടുള്ള പ്രതിമ പോലെ നിന്ന സന്ദർഭം ഓർക്കുന്നില്ലേ? ഉപ്പുകൊണ്ടുള്ള പ്രതിമ എന്ന പ്രയോഗത്തിന്റെ ഏറ്റവും ഉചിതമായ അർഥം തിരഞ്ഞെടുക്കുക.
   - സ്വയം അലിഞ്ഞ് ഇല്ലാതാകുമെന്ന തോന്നൽ.
   - ധൈര്യം സംഭരിച്ചുള്ള നിൽപ്പ്
   - തിരിച്ചറിയാതിരിക്കാൻ നടത്തിയ രൂപമാറ്റം

3. വെള്ളിസ്സാമാനങ്ങൾക്കൊപ്പം ഴാങ് വാൽ ഴാങിനെ പോലീസുകാർ മെത്രാനു മുന്നിൽ ഹാജരാക്കി. അപ്പോൾ 'മെഴുകുതിരിക്കാലുകൾ കൂടി കൊണ്ടുപോകാമായിരുന്നില്ലേ?' എന്നായിരുന്നു അയാളോട് മെത്രാൻ ചോദിച്ചത്. ഇതു കേട്ട ഴാങ് വാൽ ഴാങിന്റെ കണ്ണു രണ്ടും മിഴിഞ്ഞുപോയി. ഇവിടെ 'മിഴിഞ്ഞുപോയി' എന്ന പ്രയോഗം നൽകുന്ന അർഥമെന്ത്?
   - കണ്ണുകൾ തുറന്നിരിക്കുക.
   - കണ്ണുകളിൽ ഇരുട്ട് കയറുക.
   - അത്യധികം അദ്ഭുതപ്പെടുക.

4. 'വെള്ളിസ്സാമാനം പട്ടാളമാറാപ്പിലിട്ടു.

   കൊട്ട വലിച്ചെറിഞ്ഞു

   തോട്ടം പിന്നിട്ടു, നരിയെപ്പോലെ മതിൽ ചാടിക്കടന്ന് ഒരു പാച്ചിൽ കൊടുത്തു'

   ഈ സന്ദർഭത്തോട് ഏറ്റവും അടുത്ത നിരീക്ഷണം?
   - മോഷ്ടാവിന്റെ ചടുലമായ നീക്കത്തിന് യോജിച്ച വാക്യങ്ങൾ
   - ഴാങ് വാൽ ഴാങിന്റെ പാപബോധം വ്യക്തമാകുന്ന വാക്യങ്ങൾ
   - പോലീസ് പിടികൂടില്ല എന്ന ചിന്ത
   - ആളുകൾ ഉണർന്ന് പിടികൂടിക്കും എന്ന് സൂചിപ്പിക്കുന്ന വാക്യങ്ങൾ

5. "ആ നിലയ്ക്കുള്ള ഒരുത്തനെ അകത്തു കടത്തുക! എന്നല്ല, അവനവൻ കിടക്കുന്നതിനടുത്ത് കിടത്തുകയും! ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്തുള്ളൂ! - ഹാ, എന്റെ ഭഗവാനേ, അതു വിചാരിക്കുമ്പോൾ എനിക്ക് തടി വിറയ്ക്കുന്നു!" -

   മറ്റെന്തുകൂടി ജീൻവാൽജീൻ പ്രവർത്തിച്ചേക്കുമെന്നാണ് മദാം മഗ്ലാർ സംശയിക്കുന്നത്?
   - പോലീസുകാർ പിടിച്ചുകൊണ്ടുവരുമെന്ന്
   - രാവിലെ തിരിച്ചെത്തി മാപ്പുപറയുമെന്ന്
   - കൊലപാതകം കൂടി നടത്തുമെന്ന്
   - വീണ്ടും അയാൾ വരുമെന്ന്

6. 'ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു' എന്തായിരുന്നു അപകടം?
   - തിരികുറ്റിയുടെ ശബ്ദം കേട്ട് ആളുകൾ ഉണരാത്തത്

- തിരികുറ്റിയിൽ എണ്ണയൊഴിച്ചത്
- നായ ഉണർന്നു കുരച്ചത്
- പോലീസുകാർ തിരിച്ചുപോയത്

7. വെള്ളി + സാമാനം = വെള്ളിസ്സാമാനം എന്ന് എഴുതാമല്ലോ. താഴെ കൊടുത്തിട്ടുള്ള പദം അതുപോലെ എഴുതിനോക്കൂ.

- ചുമർ + കൂട്

8. തന്റെ കാര്യം <u>പോയി</u>
അയാൾ അങ്ങോട്ട് <u>പോയി</u>

അടിവരയിട്ട പദം രണ്ട് വാക്യങ്ങളിലും ഉണ്ടാക്കുന്ന അർഥവ്യത്യാസം എഴുതുക.

9. 'തന്റെ കാര്യം പോയി എന്ന് തോന്നിയിരുന്നപ്പോൾക്കൂടി അയാൾ പിന്നാക്കം വയ്ക്കുകയുണ്ടായില്ല.' വരികളിൽ തെളിയുന്ന മനോഭാവം എന്ത്?

**സ്ഥിരത/സ്ഥൈര്യം**

10. 'ഇഹലോക കർമങ്ങൾ' എന്നത് ഇഹലോകത്തിലെ കർമങ്ങൾ എന്ന് എഴുതാമല്ലോ... അതുപോലെ താഴെ നൽകിയിട്ടുള്ള വാക്കുകൾ എഴുതിനോക്കൂ...

- വൃദ്ധമതാചാര്യൻ
- കാഹളശബ്ദം
- ഉപ്പുപ്രതിമ

**(ഉത്തരം : വൃദ്ധനായ മതാചാര്യൻ, കാഹളത്തിന്റെ ശബ്ദം, ഉപ്പുകൊണ്ടുള്ള പ്രതിമ)**

11. വെള്ളിസ്സാമാനങ്ങൾ മോഷ്ടിച്ചുകൊണ്ടുപോയ ഴാങ് വാൽ ഴാങിന് മാപ്പു നൽകുകയും സമ്മാനമായി രണ്ട് മെഴുകുതിരിക്കാലുകൾ നൽകുകയും ചെയ്യുന്ന മെത്രാന്റെ പ്രവർത്തിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് - 1

മെത്രാന്റെ പ്രവൃത്തിയിലെ നന്മ കണ്ടെത്തിയിട്ടുണ്ട് - 1

പ്രവൃത്തിയെപ്പറ്റി പ്രതികരിച്ചിട്ടുണ്ട് - 1

സ്വാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് - 1

12. അപ്പോൾ ഈ മനുഷ്യൻ പറഞ്ഞത് വാസ്തവമാണ്. പോലീസുകാരെ ആശ്ചര്യപ്പെടുത്തിയ എന്തു കാര്യമാണ് ഴാങ് വാൽ ഴാങ് പറഞ്ഞത്? തിരഞ്ഞെടുത്ത് എഴുതുക.

- വെള്ളിപ്പാത്രങ്ങൾ സ്വന്തമാണ്.
- വൃദ്ധമതാചാര്യൻ നൽകിയതാണ്.
- കളഞ്ഞുകിട്ടിയതാണ്.
- സ്നേഹിതനു നൽകാനുള്ളതാണ്.

13. 'പാവങ്ങൾ' എന്ന പാഠത്തിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രം ഡി പട്ടണത്തിലെ മെത്രാനാണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ.... അദ്ദേഹത്തിന്റെ സ്വഭാവനിരൂപണക്കുറിപ്പ് തയ്യാറാക്കിയാലോ?

ഒരു വിദ്യാർഥി തയ്യാറാക്കിയ ഉത്തരം ഇതോടൊപ്പം ചേർക്കുന്നു.

‘പാവങ്ങൾ’ എന്ന നോവലിലെ ഏറ്റവും പ്രധാന കഥാപാത്രമാണ് ഡി പട്ടണത്തിലെ വൃദ്ധനായ മെത്രാൻ. എല്ലാവരെയും അദ്ദേഹം തുല്യമായിക്കാണുന്നു. സമ്പത്തിനോട് അത്ര വലിയ താല്പര്യം അദ്ദേഹത്തിനില്ലെന്ന് പാഠഭാഗം വ്യക്തമാക്കുന്നു. മനുഷ്യർക്കും മറ്റു ജീവികൾക്കും പ്രധാന പരിഗണന നൽകുന്നുണ്ട് മെത്രാൻ.

തെറ്റുകളോട് ക്ഷമിക്കാനും മനുഷ്യനെ നല്ല വഴിയിലേക്ക് നയിക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. തന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ച ജീൻ വാൽ ജീന് മാപ്പുകൊടുക്കാനും രണ്ട് മെഴുകുതിരിക്കാലുകൾ സമ്മാനമായി നൽകാനും അദ്ദേഹം തയ്യാറാകുന്നു. ഈ പ്രവൃത്തി മെത്രാന്റെ മാനസികമായ ഉന്നതി വ്യക്തമാക്കുന്നു.

മനുഷ്യത്വത്തെ എന്നും ഉയർത്തിപ്പിടിക്കുന്ന മെത്രാൻ മാനവികതയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. മെത്രാന്റെ എല്ലാ പ്രവർത്തനങ്ങളും എനിക്ക് ഇഷ്ടപ്പെട്ടു. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ ഴാങ് വാൽ ഴാങ് എന്നും ഒരു കള്ളനായി മാത്രം ജീവിക്കേണ്ടി വന്നേനെ.... മെത്രാൻ അടിപൊളിയാണ്.

ഈ ഉത്തരംവായിച്ചല്ലോ. വിലയിരുത്തൽ കുറിപ്പും സൂചനകളും കൂടി പരിഗണിച്ച് കൂടുതൽ മെച്ചപ്പെടുത്തിയെഴുതൂ.....

| വിലയിരുത്തൽകുറിപ്പ് | സൂചനകൾ |
|---|---|
| • കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2) | • മാനവികതയുടെ ഏറ്റവും വലിയ ഉദാഹരണം |
| • സ്വഭാവ സവിശേഷതകൾ വിലയിരുത്തിയിട്ടുണ്ട് (2) | • എല്ലാവർക്കും തുല്യപരിഗണന നൽകുന്നു. |
| • മികച്ച ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് (2) | • ലളിത ജീവിതം |
| | • ഴാങ് വാൽ ഴാങിനെ നന്മയിലേക്ക് നയിക്കുന്നു. |
| | • സമ്പത്ത് എല്ലാവരുടേതുമാണെന്ന് വിശ്വസിക്കുന്നു. |

14. ‘പൂച്ചെടി’ എന്ന വാക്ക് പൂ + ചെടി എന്ന് എഴുതാം. താഴെകൊടുത്തിട്ടുള്ള വാക്കുകൾ അത്തരത്തിൽ എഴുതിനോക്കൂ ...

- അദ്ദേഹം
- കുറച്ചുച്ചത്തിൽ
- ശ്വാസാവേഗം
- ചെവിയോർത്ത്

**ഉത്തരം : അ + ദേഹം, കുറച്ച് + ഉച്ചത്തിൽ, ശ്വാസ + ആവേഗം, ചെവി + ഓർത്ത്**

**കൂടുതലറിയാൻ**

- ഹാ എന്റെ ഭഗവാനേ അത് വിചാരിക്കുമ്പോൾ എനിക്ക് <u>തടി</u> വിറയ്ക്കുന്നു.
- നദിയിലൂടെ <u>തടി</u> ഒഴുകിപ്പോകുന്നു.

അടിവരയിട്ട പദം രണ്ടു വാക്യങ്ങളിലും നൽകുന്ന അർഥസൂചനകൾ എന്താണ്?

15. ഴാങ് വാൽ ഴാങിന്റെ കണ്ണ് രണ്ടും മിഴിഞ്ഞുപോയി. മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കാൻ നിവർത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി. ഴാങ് വാൽ ഴാങിനെ ഇത്രത്തോളം അദ്ഭുതപ്പെടുത്തിയ മെത്രാന്റെ പ്രവൃത്തി എന്തായിരുന്നു? കുറിപ്പ് തയാറാക്കുക.

16. ‘ഇഹലോക കർമങ്ങൾ’ എന്നത് ‘ഇഹലോകത്തിലെ കർമങ്ങൾ’ എന്ന് എഴുതാമല്ലോ. അതുപോലെ താഴെ നൽകിയിട്ടുള്ള വാക്കുകൾ എഴുതിനോക്കൂ.

- സഹോദരീസഹോദരൻമാർ
- കരച്ചിലൊച്ച
- ഭയങ്കര ജീവിതം
- ആഹ്ലാദപൂർവം

**(ഉത്തരം : സഹോദരിയും സഹോദരനും, കരച്ചിലിന്റെ ഒച്ച, ഭയങ്കരമായ ജീവിതം, ആഹ്ലാദത്തോടുകൂടി)**

# കേരളപാഠാവലി

## യൂണിറ്റ് – രണ്ട് – അനുഭൂതികൾ ആവിഷ്കാരങ്ങൾ

## വിശ്വരൂപം

*ലളിതാംബിക അന്തർജനം*

മാതൃത്വത്തിന്റെ വിശ്വരൂപം വ്യക്തമാക്കുന്ന ലളിതാംബിക അന്തർജനത്തിന്റെ ചെറുകഥ.

**പ്രധാന ആശയങ്ങൾ**

- മിസ്റ്റർ തലത്ത്, മിസിസ് തലത്ത്, മക്കൾ, സുധീർ എന്നിവർ പ്രധാന കഥാപാത്രങ്ങൾ
- കഥാന്ത്യത്തിൽ മിസിസ് തലത്ത് താഴത്തു കുഞ്ഞിക്കുട്ടിയമ്മയായി പരിണമിക്കുന്നു.
- പട്ടണത്തിൽ നിന്നും കുറച്ചകലെയുള്ള വീട്ടിൽ പഴയ യജമാനത്തിയെ അന്വേഷിച്ച് സുധീർ എത്തുന്നു.
- ശബ്ദം കൊണ്ട് ഇരുവരും തിരിച്ചറിയുന്നു. മിസ്റ്റർ തലത്തിനെക്കുറിച്ചുള്ള ഓർമകൾ പങ്കുവയ്ക്കുന്നു.
- ഓർമകളിൽ മിസിസ് തലത്തിന്റെ ഗംഭീര ചിത്രം ഉയർന്നുവരുന്നു. പ്രൗഢവനിത, ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ, ആരുടെ മുന്നിലും തല കുനിയ്ക്കാത്തവൾ, മക്കൾ ബോർഡിങ്ങിൽ.
- മിസ്റ്റർ തലത്തിനുവേണ്ടി ജീവിതം ചിട്ടപ്പെടുത്തിയവൾ. അദ്ദേഹത്തിന്റെ മരണത്തോടെ ഒറ്റപ്പെട്ടു. ആശ്രിതയാകാൻ താല്പര്യമില്ലാത്തതിനാൽ ഏകാന്ത ജീവിതം നയിക്കുന്നു.
- അഞ്ചാമത്തെ മകനായാണ് മിസ്റ്റർ തലത്തും മിസിസ് തലത്തും സുധീറിനെ കണ്ടത്. പക്ഷേ സ്നേഹത്തിന്റെ ഊഷ്മളത ഈ സന്ദർശനത്തിലാണ് സുധീർ അനുഭവിച്ചത്.
- മക്കളെങ്ങനെയാണ് അമ്മയുടെ ഭാഗമാകുന്നതെന്നും, അമ്മ എങ്ങനെയാണ് മക്കളുടേതാകുന്നതെന്നും ജീവിതത്തിലൂടെ മാഡം തലത്ത് തിരിച്ചറിയുന്നു.
- സുധീറുമായുള്ള പുനഃസമാഗമത്തിൽ ആ സ്നേഹം പകർന്നു നൽകി അവർ 'അമ്മ'യാകന്നു.
- തിരിച്ചു പോകുമ്പോഴും അമ്മ ആ ചെറുവീട്ടിലിരുന്ന സുധീറിനെ ആകർഷിച്ചുകൊണ്ടേയിരിക്കുന്നു; അമ്മയുടെ വിശ്വരൂപവുമായി.

**വിശകലനചോദ്യങ്ങൾ**

1. കൊടുത്തതു മാത്രമേ നേടാനൊക്കൂ. അല്ലേ സുധീർ. ഞാനാർക്കും ഒന്നും കൊടുത്തിട്ടില്ല. വരികളിലെ ഭാവം?
   - നിസ്സഹായത
   - ഭയം
   - അദ്ഭുതം
2. എന്റെ യജമാനൻ <u>മാറ്റമായിപ്പോയി</u> – അടിവരയിട്ട പദം നൽകുന്ന അർഥസൂചന?
   - സ്ഥലംമാറ്റമായിപ്പോയി.
   - സ്വഭാവം മാറിപ്പോയി
   - മരിച്ചുപോയി

4. 'മിസിസ് തലത്ത് ഓർമകളുടെ ഓളക്കുത്തിലേക്ക് വഴുതി വീഴുകയായിരുന്നു'.

'കുട്ടി കുളത്തിലേക്ക് വഴുതിവീഴുകയായിരുന്നു.'

അടിവരയിട്ട പദങ്ങൾക്ക് രണ്ടു വാക്യങ്ങളിലുമുള്ള അർഥസൂചന എഴുതുക.

5. 'ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം. ഇന്ത്യ എന്തു നല്ല നാടാണ്'. ഇങ്ങനെ പറയാൻ വൃദ്ധനെ പ്രേരിപ്പിച്ച രണ്ട് കാരണങ്ങൾ എഴുതുക.

- ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കുന്നു.
- ഇന്ത്യയിലെ കുടുംബ ബന്ധങ്ങളുടെ ദൃഢത

6. പ്രത്യക്ഷം എന്ന പദത്തെ പ്രതി + അക്ഷം എന്ന് എഴുതാമല്ലോ. ..

താഴെപ്പറയുന്ന പദങ്ങളെ ഇത്തരത്തിൽ എഴുതിനോക്കൂ. ..

- കൂട്ടിയിണക്കി
- സർവോപരി
- അങ്ങനെയല്ല

**(ഉത്തരം : കൂട്ടി + ഇണക്കി, സർവ + ഉപരി, അങ്ങനെ + അല്ല)**

7. 'പൊതുചടങ്ങ്' പൊതുവായ ചടങ്ങ് എന്ന് അർഥം പറയാം. താഴെപ്പറയുന്ന പദങ്ങളെ ഇത്തരത്തിൽ എഴുതിനോക്കിയാലോ ....?

- സ്വീകരണമുറി
- താപസോചിതം
- ഭാരതസ്ത്രീകൾ
- അച്ഛനമ്മമാർ
- വികാരഭരിതം

**(ഉത്തരം : സ്വീകരണത്തിനുള്ള മുറി, താപസന് ഉചിതമായത്, ഭാരതത്തിലെ സ്ത്രീകൾ, അച്ഛനും അമ്മയും, വികാരത്താൽ ഭരിതം)**

8. "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു."

ഈ വാക്കുകളിൽ നിന്നും മിസിസ് തലത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള രണ്ട് സൂചനകൾ എഴുതുക.

9. "മടങ്ങിവരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷേ എനിക്ക് നിന്റെ മനസ്സിലെങ്കിലും ജീവിക്കണം."

മാഡം തലത്ത് സുധീറിനോട് ഇപ്രകാരം പറയാനിടയായ സാഹചര്യം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**വിലയിരുത്തൽകുറിപ്പ്**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട് – 1
- കഥാപാത്രത്തിന്റെ സ്വഭാവമാറ്റം തിരിച്ചറിഞ്ഞിട്ടുണ്ട് – 1
- വ്യത്യസ്ത സന്ദർഭങ്ങളെ വിലയിരുത്തിയിട്ടുണ്ട് – 1
- ഉചിതഭാഷ – 1

10. "മാഡം തലത്തിൽ നിന്നും താഴത്ത് കുഞ്ഞികുട്ടിയമ്മയിലേക്കുള്ള വളർച്ച മാതൃത്വത്തിന്റെ വിശ്വരൂപത്തിലേക്കുള്ള വളർച്ച കൂടിയാണ്."

പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സുചനകൾ**

- കുട്ടികളെ വളർത്താത്ത അമ്മ
- ഡോ. തലത്തിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- അഞ്ചാമത്തെ മകനായി സുധീറിനെ കാണുന്നു.
- ജന്മസിദ്ധമായ മാതൃത്വത്തിലേക്കുള്ള തിരിച്ചുപോക്ക്

11. ലോകമാതൃദിനത്തിൽ (മെയ് 10) സ്കൂൾ അസംബ്ലിയിലേക്കായി 'മാറുന്ന ലോകവും മാറാത്ത അമ്മ സങ്കല്പവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക. (വിശ്വരൂപം എന്ന കഥയിലെ ആശയം കൂടി പ്രയോജനപ്പെടുത്തുമല്ലോ....)

ഒരു വിദ്യാർഥിയുടെ ഉത്തരം ഇതോടൊപ്പം വായിക്കൂ.

*അമ്മ നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണെന്ന് എല്ലാവർക്കും അറിയാമല്ലോ ... ലോകം എന്തു മാറിയാലും അമ്മമാർക്ക് ഒരു മാറ്റവും വരില്ല. വിശ്വരൂപം എന്ന ലളിതാംബിക അന്തർജനത്തിന്റെ കഥയിലെ പ്രധാന കഥാപാത്രവും അമ്മ തന്നെയാണ്. താഴത്ത് കുഞ്ഞിക്കുട്ടിയമ്മയായും മിസിസ് തലത്തായും ആ അമ്മ കഥയിൽ കടന്നുവരുന്നു.*

*നമ്മുടെ ലോകം ഒരുപാട് മാറിയിട്ടുണ്ട്. എന്തും ഏതും പണമുപയോഗിച്ച് വാങ്ങാൻ കഴിയുന്ന ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. അച്ഛനെയും അമ്മയെയുമെല്ലാം വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുന്ന മക്കൾ പോലും ഇന്നുണ്ട്.*

*ലോകത്തിന് എന്തു മാറ്റമുണ്ടായാലും മാറാത്ത ഒരേ ഒരാളാണ് അമ്മ. അമ്മയുടെ സ്നേഹവും കരുതലുമെല്ലാം എന്നും ഒരുപോലെ തന്നെ. മാതൃത്വം എന്ന വികാരം മാറ്റമില്ലാതെ തുടരുന്നു. അമ്മയുടെ സ്നേഹം കടയിൽ നിന്ന് വാങ്ങാൻ കഴിയുകയില്ല. മൊബൈൽ ഫോണിൽ നിന്ന് കിട്ടുകയുമില്ല. അതുകൊണ്ട് എല്ലാവരും അമ്മയെ സ്നേഹിക്കണം. സംരക്ഷിക്കണം.*

*നന്ദി*

ഈ പ്രഭാഷണം സൂചനകളുടെയും വിലയിരുത്തൽ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുമല്ലോ...

**സൂചനകൾ**

- ലോകം നിരന്തരം മാറുന്നു.
- മാതൃത്വത്തിന് മാറ്റമില്ല.
- മിസിസ് തലത്ത് കാലത്തിനും ദേശത്തിനുമനുസരിച്ച് മാറുന്നു.
- മാതൃത്വത്തിലേക്ക് അവർ തിരിച്ചെത്തുന്നു.
- മിസിസ് തലത്തിന്റെ സുധീറിനോടുള്ള ഉപദേശം എല്ലാക്കാലത്തേക്കുമുള്ളതാണ്.
- സ്വാഭിപ്രായം

**പ്രഭാഷണം - വിലയിരുത്തൽ സൂചനകൾ**

1. സംബോധന
2. വിഷയാവതരണം
3. വിഷയവിശകലനം
4. ഉചിതമായ ഭാഷ
5. സ്വാഭിപ്രായം
6. ഉപസംഹാരം

**കൂടുതൽ ചോദ്യങ്ങൾ**

- മിസിസ് തലത്തിന്റെയും സുധീറിന്റെയും ഓർമയിലൂടെ പ്രത്യക്ഷപ്പെടുന്ന മിസ്റ്റർ തലത്തിന്റെ സ്വഭാവ സവിശേഷതകളെക്കുറിച്ച് കുറിപ്പെഴുതുക. (4 മാർക്ക്)
- വിശ്വരൂപം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. (6 മാർക്ക്)
- കഥാപാത്രനിരൂപണം - മാഡം തലത്ത് (6 മാർക്ക്)

# പ്രിയ ദർശനം

*കുമാരനാശാൻ*

മഹാകവി കുമാരനാശാന്റെ ‘നളിനി അഥവാ ഒരു സ്നേഹം’ എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം. ബാല്യകാല സുഹൃത്തുക്കളായിരുന്ന നളിനിയും ദിവാകരനും വർഷങ്ങക്കുശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുകയും ഓർമകൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- നളിനിയും ദിവാകരനും ബാല്യകാലസുഹൃത്തുക്കളും സഹപാഠികളും ആയിരുന്നു.
- നളിനി ദിവാകരനെ ഏറെ സ്നേഹിച്ചിരുന്നു.
- സന്യാസത്തിൽ തല്പരനായിരുന്ന ദിവാകരൻ യുവാവായപ്പോൾ നാടുവിട്ടുപോയി.
- തന്റെ വിവാഹം നിശ്ചയിച്ചതറിഞ്ഞ നളിനി പൊയ്കയിൽ ചാടി ആത്മഹത്യക്ക് ശ്രമിക്കുന്നു.
- ഒരു സന്യാസിനി രക്ഷിക്കുന്നു.
- വളരെക്കാലമായി ദിവാകരനെക്കാണാൻ നളിനി ആഗ്രഹിക്കുന്നു.
- ഈശ്വരൻ ആ ആഗ്രഹം പൂർത്തിയാക്കി.
- ദിവാകരൻ തിരിച്ചറിയാത്തതിനാൽ നളിനി ദുഃഖിക്കുന്നു.
- പുലർകാല മഞ്ഞണിഞ്ഞ പനിനീർപ്പൂവുപോലുള്ള നളിനിയുടെ മുഖത്തേക്ക് ധീരനായ സന്യാസി നോക്കി.
- ദിവാകരൻ നളിനിയെ തിരിച്ചറിയുന്നു.
- കണ്ടയുടനെ തിരിച്ചറിയാത്തതിനാൽ ദുഃഖിക്കരുത് എന്നു പറഞ്ഞുകൊണ്ട് ദിവാകരൻ നളിനിയെ ആശ്വസിപ്പിക്കുന്നു.
- പ്രായവും ലക്ഷ്യവും മാറിയിരിക്കുന്നുവെന്നും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവരാണ് വിവേകികൾ എന്നും ഓർമിപ്പിക്കുന്നു.
- കളിക്കൂട്ടുകാരുടെ അപ്രതീക്ഷിത സമാഗമം ഏറ്റവും ഭംഗിയോടെയാണ് ആശാൻ ചിത്രീകരിച്ചിരിക്കുന്നത്.
- പ്രിയരുടെ ദർശനമാണ് പ്രിയദർശനം

**വിശകലനചോദ്യങ്ങൾ**

1. ‘ഏകുമർത്ഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ – നളിനിയുടെ ഏതാഗ്രഹമാണ് ഈശ്വരൻ സാധിച്ചത്?
   - സന്യാസിയാകുക എന്നത്
   - വീട്ടിലേക്കു മടങ്ങുക എന്നത്
   - ദിവാകരനെ കാണുക എന്നത്.

   **ഉത്തരം : ദിവാകരനെ കാണുക എന്നത്.**

2. ‘പണ്ടു നിന്നെയൊരിളം കുരുന്നതായ്
   കണ്ടുഞാൻ, സപദി വല്ലിയായി നീ’ – ഈ വരികളോടു ചേർന്നു നിൽക്കുന്ന പ്രസ്താവനയേത്?
   - വളർച്ചയിൽ സംഭവിച്ച വ്യത്യാസം കൊണ്ടാണ് ദിവാകരന് നളിനിയെ തിരിച്ചറിയാനാകാത്തത്.
   - മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണമാകുന്നത്.
   - നളിനിയുടെ ദു:ഖം അകന്ന് ആനന്ദം ഉടൻവരും.

   **ഉത്തരം : വളർച്ചയിൽ സംഭവിച്ച വ്യത്യാസം കൊണ്ടാണ് ദിവാകരന് നളിനിയെ തിരിച്ചറിയാനാകാത്തത്.**

3. '<u>ഭാവശാലികൾ</u> പിരിഞ്ഞു കൂടിയാലീവിധം വികലമാം സുഖോദയം'- അടിവരയിട്ട പദം നൽകുന്ന അർത്ഥം

- സ്നേഹമുള്ളവർ
- ഭാവനയുള്ളവർ
- സംശയിക്കുന്നവർ

**ഉത്തരം : സ്നേഹമുള്ളവർ** (1)

4. 'പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും'

ഈ വരികളിൽ പാരവും - പേരുമീ - പരിചയം എന്നീ പദങ്ങളിലെ 'ര' എന്ന വ്യഞ്ജനത്തിന്റെ ആവർത്തനവും വരികൾ രണ്ടും ഒരേ ശബ്ദത്തിൽ അവസാനിക്കുന്നതുമെല്ലാം കാവ്യത്തിന് ഒരു പ്രത്യേക ഭംഗി നൽകുന്നില്ലേ? താഴെ തന്നിരിക്കുന്ന വരികളിലെ കാവ്യ ഭംഗി കണ്ടെത്തുക. (1)

'കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖീ, കേണിടേണ്ട കേൾ'

5. 'വാക്കരുളിനാൻ കനിഞ്ഞവൻ' എന്ന വരിയിൽ നിന്ന് വാക്ക്, അരുളിനാൻ, കനിഞ്ഞ്, അവൻ എന്നിങ്ങനെ പദങ്ങളെ വെവ്വേറെ മാറ്റിയെഴുതാൻ കഴിയുമല്ലോ. താഴെത്തന്നിരിക്കുന്ന പദക്കൂട്ടങ്ങൾ ഇത്തരത്തിൽ മാറ്റിയെഴുതി നോക്കൂ. (1)

- സന്യസിച്ചളവുമാസ്ഥയാൽ
- തന്നെയോർത്തിഹ
- ആരതെന്നുടനറിഞ്ഞു.
- പ്രിയമൊരിക്കലീശ്വരൻ

6. 'ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞു കൂടിയാ
ലീവിധം വികലമാം സുഖോദയം' -

വേർപാടിന്റെ ദുഃഖവും അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷവും നിറയുന്ന നളിനിയുടെ മാനസികാവസ്ഥ ചിത്രീകരിക്കുന്നതിൽ കവി എത്രമാത്രം വിജയിച്ചിരിക്കുന്നു? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**വിശകലനക്കുറിപ്പ്**

| | |
|---|---|
| സന്ദർഭം കണ്ടെത്തിയിട്ടുണ്ട് | (1) |
| വിശകലനം ചെയ്തിട്ടുണ്ട് | (1) |
| സ്വന്തം കാഴ്ചപ്പാട് | (1) |
| ഉചിതമായ ഭാഷ | (1) |

**സൂചനകൾ**

- സ്നേഹമുള്ളവർ പിരിഞ്ഞതിനു ശേഷം വീണ്ടും കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന പ്രത്യേക മാനസികാവസ്ഥ.
- ദിവാകരനെ കണ്ടതിലുള്ള സന്തോഷം.
- അദ്ദേഹം തിരിച്ചറിയാത്തതിൽ ദു:ഖം (തൊണ്ട ഇടറി, വാക്കുകൾ പുറത്തേക്ക് വരുന്നില്ല, കണ്ണുനീർ തൂകി)

7. 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'-

മറ്റുള്ളവരോടുള്ള പരിഗണനയാണ് ജീവിതത്തെ അർത്ഥപൂർണമാക്കുന്നത്. പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

## കടൽത്തീരത്ത്

ഒ.വി. വിജയന്റെ ഹൃദയസ്പർശിയായ ഒരു ചെറുകഥ കണ്ണൂർ ജയിലിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കണ്ടുണ്ണിയെക്കാണാൻ പിതാവ് വെള്ളായിയപ്പൻ പാഴുതറയിൽ നിന്ന് എത്തുന്നു. കണ്ടുണ്ണിയുടെ അമ്മ കൊടുത്തയയ്ക്കുന്ന പൊതിച്ചോറ് മകനുള്ള ബലിച്ചോറായി കടൽത്തീരത്തെറിയുമ്പോൾ വെള്ളായിയപ്പന്റെ വേദന വായനക്കാരന്റെ വേദനയാകുന്നു.

**പ്രധാന ആശയങ്ങൾ**

- വെള്ളായിയപ്പൻ പാഴുതറ ഗ്രാമത്തിൽ നിന്ന് മകനെക്കാണാൻ കണ്ണൂർ ജയിലിലേക്ക് പോകുന്നു.
- വെള്ളായിയപ്പന്റെ ദുഃഖത്തിനൊപ്പം ഗ്രാമം കൂടെ ദുഃഖിക്കുന്നു.
- വഴിയിൽ കണ്ടുമുട്ടിയ കുട്ട്യസൻ മാപ്പിളയും നീലി മണ്ണാത്തിയും വെള്ളായിയപ്പനെ ആശ്വസിപ്പിക്കുന്നു.
- പുഴ കടക്കുമ്പോൾ കുട്ടിക്കാലത്ത് മകനെ കുളിപ്പിച്ചതും അപ്പന്റെ ശവം കുളിപ്പിച്ചതുമായ ഓർമകൾ വെള്ളായിയപ്പനെ കരയിച്ചു.
- അപരിഷ്കൃതനായ വെള്ളായിയപ്പൻ തീവണ്ടിയാപ്പീസിലും ജയിൽ മുറ്റത്തുമൊക്കെ വച്ച് പരിഹസിക്കപ്പെടുന്നു.
- ജയിലിനുള്ളിൽ പരസ്പരം കാണുന്ന വെള്ളായിയപ്പനും മകനും കെട്ടിപ്പിടിക്കുകയും മൗനത്താൽ സങ്കടങ്ങൾ കൈമാറുന്നു.
- വധശിക്ഷ കഴിഞ്ഞ് കണ്ടുണ്ണിയുടെ ശവം വെളിമ്പ്രദേശത്ത് സംസ്കരിക്കുന്നു.
- യാത്രയിലുടനീളം വെള്ളായിയപ്പന്റെ കൈയിലുണ്ടായിരുന്ന പൊതിച്ചോറ് കഥാവസാനം ബലിച്ചോറായി മാറുന്നു.

**വിശകലന ചോദ്യങ്ങൾ**

1. പാഴുതറയിൽ നിന്ന് കണ്ണൂർ ജയിലിലേയ്ക്ക് യാത്ര പുറപ്പെട്ടതാര്?
   - വെള്ളായിയപ്പൻ
   - കോമ്പിപ്പൂശാരി
   - നാകേലച്ചൻ

   **ഉത്തരം : വെള്ളായിയപ്പൻ**

2. പാഴുതറയിലുള്ളവർ വെള്ളായിയപ്പനോടൊപ്പം കണ്ണൂരിലേയ്ക്ക് പോകാതിരുന്നത് എന്തുകൊണ്ട്?
   - അവർ ശ്രദ്ധാലുക്കളും വിഷാദവാൻമാരുമായതുകൊണ്ട്.
   - സഹാനുഭൂതി നിറഞ്ഞതിനാൽ
   - കൈയിൽ പണമില്ലാതിരുന്നതിനാൽ

   **ഉത്തരം : കൈയിൽ പണമില്ലാതിരുന്നതിനാൽ**

3. "ഇളം ചൂടുള്ള വെള്ളം വെള്ളായിയപ്പനെ അതൊക്കെ ഓർമിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേടുകയറുവോളം വെള്ളായിയപ്പൻ കരഞ്ഞു." വെള്ളായിയപ്പനെ കരയിച്ച രണ്ട് ഓർമകൾ കുറിക്കുക.

4. “അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു.” - കണ്ണൂർ വണ്ടിക്കായി പ്ലാറ്റ്ഫോറത്തിലെ ബഞ്ചിലിരുന്നപ്പോൾ വെള്ളായിയപ്പൻ കണ്ടതാണിത്. ഈ കാഴ്ച അദ്ദേഹത്തിൽ ഉണ്ടാക്കിയ ഓർമകൾ എഴുതുക. **(2)**

5. “വെള്ളായിയപ്പൻ പൊതിയഴിച്ചു.
വെള്ളായിയപ്പൻ അന്നം നിലത്തേയ്ക്കെറിഞ്ഞു.

ഈ രണ്ടു വാക്യങ്ങളെയും അർത്ഥവ്യത്യാസം വരുത്താതെ ഒറ്റവാക്യമാക്കുക. **(2)**

6. ‘നെടുവരമ്പ്’ എന്ന ഒറ്റപ്പദം അർത്ഥം വ്യക്തമാകുന്ന വിധത്തിൽ നെടുതായ വരമ്പ് എന്ന് പറയാം.

പുഴമണൽ

പനമ്പട്ടകൾ

കഞ്ഞിനനവ്

കണ്ണുനീർ - എന്നീ പദങ്ങൾ ഇത്തരത്തിൽ മാറ്റിയെഴുതുക.

7. “വെള്ളായിയേ - മാപ്പിള പറഞ്ഞു.
“മരയ്ക്കാരേ” - വെള്ളായിയപ്പൻ പ്രതിവചിച്ചു.
രണ്ടു വാക്കുകൾ, പേരുകൾ
“വെള്ളായിച്ചോ” - അവൾ പറഞ്ഞു.
“നീലിയേ” വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം രണ്ടു വാക്കുകൾ മാത്രം. വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്.
“മകനേ ....” വെള്ളായിയപ്പൻ കരഞ്ഞുവിളിച്ചു.
“അപ്പാ” - കണ്ടുണ്ണി മറുവിളി വിളിച്ചു.
രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.
“വികാരം ഭാഷയെ അപ്രസക്തമാക്കുന്നു.” മുകളിൽ നൽകിയിരിക്കുന്ന കഥാസന്ദർഭങ്ങൾ പരിശോധിച്ച് പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**വിലയിരുത്തൽക്കുറിപ്പ്**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട് (1)
- ആശയാവതരണം (1)
- സ്വന്തം കാഴ്ചപ്പാട് (1)
- ഉചിതമായ ഭാഷ (1)

**സൂചനകൾ**

- മൂന്നു സന്ദർഭങ്ങളിലും രണ്ടു വിളികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.
- തീവ്രാനുഭവങ്ങളിൽ വാക്കുകൾ അധികം പുറത്തേയ്ക്കു വരില്ല.
- കുടുംബവുമായുള്ള ബന്ധം
- മൗനം വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു.

9. 'കടൽത്തീരത്ത്' എന്ന കഥയിലെ സജീവകഥാപാത്രമാണ് പൊതിച്ചോറ് - പ്രസ്താവന വിശകലനം ചെയ്യുക.

**വിലയിരുത്തൽക്കുറിപ്പ്**

- സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ആശയം മനസ്സിലാക്കിയിട്ടുണ്ട്. (1)
- സ്വന്തം കാഴ്ചപ്പാട് (1)
- ഖണ്ഡികാകരണം, ഉചിതമായ ഭാഷ (1)

**സൂചനകൾ**

- കഥാരംഭത്തിൽത്തന്നെ പൊതിച്ചോറിനെക്കുറിച്ച് സൂചനയുണ്ട്
- യാത്രയിലുടനീളം പൊതിച്ചോറിനെക്കുറിച്ച് പരാമർശമുണ്ട്.
- കഥാന്ത്യത്തിൽ അത് ബലിച്ചോറാകുന്നു.

10. വെള്ളായിയപ്പന്റെ - കഥാപാത്രനിരൂപണം തയാറാക്കുക. (ഒരു പുറം സ്കോർ - 6)

ഒരു വിദ്യാർഥി തയാറാക്കിയ കഥാപാത്രനിരൂപണമാണ് ചുവടെ ചേർത്തിരിക്കുന്നത്. അതിനെ സ്കോർ ചെയ്യാമോ? എന്തൊക്കെ സൂചകങ്ങളെ അടിസ്ഥാനപ്പെടുത്തും? കഥാപാത്ര നിരൂപണ സൂചനകളെ ഇങ്ങനെ തരംതിരിച്ചാലോ?

**വെള്ളായിയപ്പൻ**

ഒ.വി.വിജയൻ എഴുതിയ 'കടൽത്തീരത്ത്' എന്ന കഥയിലെ പ്രധാന കഥാപാത്രമാണ് വെള്ളായിയപ്പൻ. കഥതന്നെ എഴുതിയിരിക്കുന്നത് വെള്ളായിയപ്പന്റെ കണ്ണൂരിലേക്ക് പോകുന്ന യാത്രയെക്കുറിച്ചാണ്. അദ്ദേഹം പോകുന്നതിന് കാരണംതന്നെ മകനെ അവസാനമായി കാണുവാൻ വേണ്ടിയാണ്. അവസാനം എന്ന് പറയാൻ കാരണം തന്റെ മകനെ തൊട്ടടുത്ത ദിവസം തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിരിക്കുകയാണ്. ഒരു കൊലക്കുറ്റം. അദ്ദേഹം പാടത്ത് പണി എടുത്ത് അധ്വാനിച്ച് കുറച്ച് പണം കൊണ്ട് ജീവിക്കുന്ന ഒരു കർഷകനാണ് അദ്ദേഹം. മകനെ കാണാൻ വീട്ടിൽ നിന്നിറങ്ങുകയാണ് അപ്പോൾ തന്റെ ഭാര്യ വെള്ളായിയപ്പന് ഒരു പൊതിച്ചോറ് കൊടുത്തു. ഈ ചെറുകഥയിൽ പൊതിച്ചോറിനും ഏറെ പ്രാധാന്യം ഉണ്ട്. ചങ്ക് പൊട്ടുന്ന വേദനയോടെ വെള്ളായിയപ്പൻ റെയിൽവേസ്റ്റേഷനിലേക്ക് നടന്നു. ഇനി വെള്ളായിയുടേയും അദ്ദേഹത്തിന്റെ സുഹൃത്തായ കുട്ട്യസൻ മാപ്പിളയും ആയുള്ള ഒരു സംഭാഷണം ആ ഭാഗത്ത് നിന്ന് നമുക്ക് ആ നാട്ടിലെ ഭാഷാരീതിയെ മനസ്സിലാക്കാം. അങ്ങനെ അദ്ദേഹം നടന്നു നീലി എതിരെ വരുകയായിരുന്നു. വെള്ളായി വരുന്നതു കണ്ട് അവൾ വഴി ഒഴിഞ്ഞ് കൊടുത്തു. അവിടെ നമക്ക് കാണാൻ കഴിയുന്നത് വെറും രണ്ട് വാക്കുകൾ മാത്രം അടങ്ങിയ ഒരു സംഭാഷണമാണ്. അങ്ങനെ നടന്ന് നടന്ന് വെട്ടുവഴിയിൽ എത്തി. ഒടുക്കം അദ്ദേഹം എത്തിപ്പെട്ടു. വെള്ളായിയപ്പന്റെ സ്വഭാവം വിനയമാർന്ന സ്വഭാവമാണ്.

തീവണ്ടി വന്നു. അദ്ദേഹം യാത്ര തിരിച്ചു. തീവണ്ടിയിൽ വച്ച് അദ്ദേഹം പൊതിചോറ് നോക്കി. അങ്ങനെ ജയിലിൽ എത്തി മകനെ കണ്ട് സങ്കടങ്ങൾ കൈമാറി. പിറ്റേ ദിവസം മകന്റെ ശവശരീരം എത്തി. അദ്ദേഹം അവനെ അനുഗ്രഹിച്ചു. എന്നിട്ട് അദ്ദേഹം കടൽതീരത്തെത്തി. എന്നിട്ട് കൈയിൽ ഇരുന്ന പൊതിച്ചോറ് ബലിച്ചോറായി മാറി.

**സൂചനകൾ**

- കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം
- ജീവിതപശ്ചാത്തലം
- മൂല്യങ്ങൾ
- മറ്റുള്ളവരോടുള്ള ഇടപെടൽ
- സ്വന്തം അഭിപ്രായം

ഈ സൂചനകളെ കഥാപാത്രനിരൂപണം ഉൾക്കൊള്ളുന്നുണ്ടോ? ഒപ്പം വെള്ളായിയപ്പന്റെ സ്വഭാവസവിശേഷത കൂടി അറിയണ്ടേ?

- കഥയിലെ കേന്ദ്രകഥാപാത്രം
- ഗ്രാമീണൻ, നിരക്ഷരൻ, കർഷകൻ
- നല്ല സാമൂഹികബന്ധം

സൂചകങ്ങളുടെയും സവിശേഷതകളുടെയും അടിസ്ഥാനത്തിൽ ഈ കഥാപാത്രനിരൂപണത്തിന്റെ പോരായ്മകൾ എന്തൊക്കെയാണ്?

അവ പരിഹരിച്ച് നിങ്ങളെഴുതി തയാറാക്കിയ വെള്ളായിയപ്പന്റെ കഥാപാത്രനിരൂപണം അധ്യാപകനും സഹപാഠികൾക്കുമായി പങ്കുവയ്ക്കുമല്ലോ?

**കൂടുതൽ അറിയാൻ**

1. തീവണ്ടിയാപ്പീസിന്റെ മുറ്റത്ത് കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല - സമൂഹത്തിന്റെ എന്തു മനോഭാവമാണ് ഇവിടെ പ്രകടമാവുന്നത്. (ജോലിയോടുള്ള ആത്മാർത്ഥത, ദരിദ്രരോടുള്ള അവഗണന, പണം നേടാനുള്ള ആർത്തി)

സ്കോർ - 1

**ഉത്തരം : ദരിദ്രരോടുള്ള അവഗണന**

2. മാതൃക പോലെ മാറ്റിയെഴുതുക.

**മാതൃക - കാക്കക്കരച്ചിൽ - കാക്കയുടെ കരച്ചിൽ**

**തീവണ്ടിമുറി**

3. 'എയ്ക്കി പിടിയില്ല' - വെള്ളായിയപ്പൻ പറഞ്ഞു. "കടലാശില് എന്താണ് എഷ്തിക്കെടക്ക്ണത്, ആവോ?" വെള്ളായിയപ്പന്റെ ഏതവസ്ഥയാണ് ഇവിടെ സൂചിതമാകുന്നത്?

(പാണ്ഡിത്യം, നിസ്സഹായത, നിരക്ഷരത)

**ഉത്തരം : നിരക്ഷരത**

പൊതുവിദ്യാഭ്യാസ വകുപ്പ്